**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (5)**
**കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

വിഷയം. തദ്ദേശസ്വയംഭരണ വകുപ്പ്- പാലക്കാട് ജില്ല- നവകേരള സദസ്സ് - സ്ഥിരം അദാലത്ത് സമിതി (5) തീരുമാനം സംബന്ധിച്ച്.

സൂചന. ശ്രീ. പൊന്നൻ s/o അപ്പച്ചാമി, അലയാർ വണ്ടിത്താവളം എന്നയാൾ നവകേരളസദസ്സ് മുഖേന നല്കിയ പരാതി.

**ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 30.01.2024**

മേൽ സൂചന (1) പ്രകാരം ശ്രീ. പൊന്നൻ s/o അപ്പച്ചാമി, അലയാർ വണ്ടിത്താവളം എന്നയാൾ നവകേരളസദസ്സ് മുഖേന പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനമ്പർ അനുവദിച്ചില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ചിരുന്നു.

പെരുമാട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ട് പ്രകാരം പ്രസ്തുത കെട്ടിടം നിലനിൽക്കുന്ന റി സർവ്വേ നമ്പർ(വണ്ടിത്താവളം വില്ലേജ് 42/703/16/1) ഭൂമിയുടെ തരം നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മേപ്പടി സർവ്വേ നമ്പർ ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിലും പൂർത്തീകരിച്ച കെട്ടിടത്തിന്റെ അളവ് 144.57 ച.മീ വലിപ്പം ഉള്ളതായി കണ്ടിരുന്നു. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ഭേദഗതി(2018) 27(എ)6 പ്രകാരം 120 ച.മീ വലിപ്പത്തിൽ കൂടുതലുള്ളതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും ഭൂമിയുടെ തരം നിലം എന്നും രേഖപ്പെടുത്തിയ കെട്ടിടത്തിനു ബഹു.പാലക്കാട് ആർ.ഡി.ഒ യുടെ നിലം പരിവർത്തനാനുമതി ഉത്തരവ് ആവശ്യമാകുന്നു. ആയത് ലഭ്യമാക്കി നൽകുന്നതിന് ഈ കാര്യാലയത്തിൽ നിന്നും 27-06-2022 ന് അപേക്ഷകന് കത്ത് നൽകിയിരുന്നു. മേൽ കത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ പ്രസ്തുത സ്ഥലത്ത് പരിവർത്തനാനുമതി ഹാജരാക്കിയിരുന്നു. തുടർന്ന് സ്ഥല പരിശോധന നടത്തുന്നതിനായി ഫയൽ എൽ. എസ്. ജി. ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയിരുന്നു. സ്ഥല പരിശോധന നടത്തിയ ഓവർസിയർ താഴെപ്പറയുന്ന ന്യൂനതകൾ റിപ്പോർട്ട് ചെയ്തിരുന്നു.

1. കെട്ടിടത്തിന്റെ പടിഞ്ഞാറു വശത്തുള്ള (പഞ്ചായത്ത്) റോഡിൽ നിന്നും 2.00 മീറ്റർ അകലം പാലിച്ചിട്ടില്ല. (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 23 പട്ടിക 3)
2. കെട്ടിടത്തിന്റെ മുൻവശം മഴവെള്ള സംഭരണി കാണുന്നു.
3. ഫൗണ്ടേഷൻ വിശദാംശങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല.
4. സൈറ്റ് പ്ലാൻ തെറ്റായി രേഖപ്പെടുത്തിക്കാണുന്നു.
5. സമർപ്പിച്ച പ്ലാനും Elevation നും തമ്മിൽ വ്യത്യാസം കാണുന്നു.

ന്യൂനതകൾ അപേക്ഷകനെ അറിയിക്കേണ്ടതും, അപേക്ഷകനിൽ നിന്നും ന്യൂനത പരിഹരിച്ച് പുതിയ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് 30 ദിവസത്തിനകം കെട്ടിട നമ്പർ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു. അല്ലാത്ത പക്ഷം സർക്കാർ ഇത്തരത്തിൽ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്നതിന് പ്രത്യേകം ചട്ടം പുറപ്പെടുവിക്കുന്ന മുറയ്ക്ക് അതു പ്രകാരമുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അത് ചട്ട പ്രകാരം പരിഗണിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

..

കെ സതീഷ്കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

തദ്ദേശ സ്വയംഭരണ വകുപ്പ്

പകർപ്പ് : ശ്രീ. പൊന്നൻ S/O അപ്പുച്ചാമി, അലയാർ വണ്ടിത്താവളം